**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1593

12.06.19 - ൽ മറുപടിക്ക്.

**അഗതിരഹിത കേരളം പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സമൂഹത്തിലെ അശരണരും നിരാലംബരുമായവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച അഗതിരഹിത കേരളം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) അഗതിരഹിത കേരളം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. 953 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നല്കി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും 55 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് കൂടി ജൂൺ മാസത്തിൽ അംഗീകാരം നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇതിന്റെ ഭാഗമായി എത്ര കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളതെന്നും ഇതിൽ പട്ടിക വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ? | (ബി) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 1,68,610 കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ പട്ടികവിഭാഗത്തിൽപ്പെടുന്ന 10,716 കുടുംബങ്ങളാണുള്ളത് |

സെക്ഷൻ ഓഫീസർ